ദേശാഭിമാനി
06 January 2020

# സമുദ്ര ആവാസവ്യവസ്ഥ: സിമ്പോസിയം നാളെമുതൽ

**കൊച്ചി**

സമുദ്ര ആവാസവ്യവസ്ഥ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന മൂന്നാമത് രാജ്യാന്തര സിമ്പോസിയം (മീകോസ് 3) ചൊവ്വാഴ്ച സിഎംഎഫ്ആർഐയിൽ തുടങ്ങും. കാലാവസ്ഥാവ്യതിയാനവും കടലിലുണ്ടാകുന്ന പാരിസ്ഥിതിക മാറ്റങ്ങളുമായി ബന്ധപ്പെട്ട ചർച്ചകൾക്കായാണ് സമ്മേളനം. നാലുദിവസത്തെ സിമ്പോസിയത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള സമുദ്രശാസ്ത്രജ്ഞർ, മത്സ്യഗവേഷകർ, കാലാവസ്ഥാ പഠന വിദഗ്ധർ തുടങ്ങിയവർ പങ്കെടുക്കും. ചൊവ്വാഴ്ച പകൽ മൂന്നിന് ഫിൻലാൻഡിലെ നാച്ചുറൽ റിസോഴ്സസ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറും ബ്ലൂ ബയോ ഇക്കോണമി വിദഗ്ധനുമായ ഡോ. പെട്രി സ്യൂറോണൻ ഉദ്ഘാടനം ചെയ്യും.

സമുദ്രമത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന ഗവേഷകരുടെ കൂട്ടായ്മയായ മറൈൻ ബയോളജിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയാണ് (എംബിഎഐ) സിമ്പോസിയം സംഘടിപ്പിക്കുന്നത്.